(സി) ഒരേ പദ്ധതിയുടെ കീഴിൽ വിവിധ ഏജൻസി മുഖേന ചെയ്യുന്ന പ്രവൃത്തികൾക്ക് ഒരേ തരത്തിൽ ഉക (L.C) നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് മാറുന്നത്. പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്ന പ്രവൃത്തികൾ സീനിയോരിറ്റി ലിസ്റ്റിലും മറ്റ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി പരിഗണിച്ച് ഉക നൽകുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർമാർ അറിയിക്കുന്നു. പൊതുമരാമത്ത് വകുപ്പുകൾ ചെയ്യേണ്ട പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖേന ചെയ്യുമ്പോഴും സംസ്ഥാനതല മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പ് മുഖാന്തരമല്ലാതെ മറ്റ് ഏജൻസികളും ചെയ്യുന്ന പ്രവർത്തികൾ 21-7-2014 സ.ഉ.(പി)304/14/ധന പ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിൽ അനുവദിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പേരാമ്പ്ര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

105 (2343) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച് എന്തൊക്കെ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേരാമ്പ്ര മണ്ഡലത്തിൽ നിന്നും ഇതുവരെ എന്തൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും, സാങ്കേതിക അനുമതിയും ലഭിച്ചു എന്നും വ്യക്തമാക്കുമോ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തി ആ വർഷം തന്നെ പൂർത്തിയാക്കാൻ കഴിയുന്ന രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) പേരാമ്പ്ര നിയോജക മണ്ഡലത്തിൽനിന്നും എം.എൽ.എ.-യുടെ ശിപാർശ സഹിതം ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് 2012-13 വർഷത്തിൽ ധനവകുപ്പിൽ ലഭിച്ച ആകെ 500 ലക്ഷം അടങ്കൽ വരുന്ന 5 പ്രവൃത്തികൾക്കും 2013-14-ൽ ലഭിച്ച 100 ലക്ഷം അടങ്കൽ വരുന്ന ഒരു പ്രവൃത്തിക്കും ധനവകുപ്പിന്റെ അംഗീകാരത്തോടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രവൃത്തികളെല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 28-12-2012-ലെ 73/12/ധന സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിനാൽ ധനാനുമതി നൽകുന്നതിനോ തുടർന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനോ കാലതാമസം നേരിടുന്നില്ല. ടി പ്രവൃത്തികൾ നിർവ്വഹണ വകുപ്പുകളോ/ഏജൻസികളോ ഏറ്റെടുത്ത് നടപ്പാക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിച്ചാൽ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ അകാരണമായി കാലതാമസം ഉണ്ടാകാറില്ല. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുവാൻ ധനവകുപ്പ് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly